കേരളകൗമുദി

1187 ചിങ്ങം 18 ■ 2011 സെപ്തംബർ 3 ശനി
വിശാഖം 39 – 19 ഷഷ്ഠി 18– 41
1933 ഭാദ്രപദം 12 ■ 1432 ശവ്വാൽ 4

വൈകിപ്പോയ കൊലക്കയർ

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

വൈകിയെത്തുന്ന നീതി, നിഷേധിക്കപ്പെട്ട നീതിയാണെന്നുള്ളതു ആപ്തവാക്യം. നീതി ലഭിക്കാനുള്ള താമസം ഏറിയാൽ ചിലപ്പോൾ നിയമനിഷേധം തന്നെയാണ് ഫലം. സംഘർഷങ്ങളും സംഘട്ടനങ്ങളും അങ്ങനെയാണുണ്ടാകുന്നതും. എന്നാൽ നീതിലഭ്യത വൈകിയതിന്റെ പേരിൽ കോടതിതന്നെ നിയമനിഷേധം നടത്തിയാലോ? പക്ഷേ, അപകടകരമായ ഈ അവസ്ഥയാകട്ടെ നിയമനിഷേധമാണോ, നീതിനിർവഹണമാണോ എന്നുള്ള ചർച്ചയ്ക്കാണ് വഴിതെളിച്ചിട്ടുള്ളതെന്നതു വേറെ കാര്യം.

രാജീവ്ഗാന്ധി വധക്കേസിൽ കുറ്റക്കാരുടെ വധശിക്ഷ നടപ്പാക്കുന്നതു എട്ടാഴ്ചത്തേക്കു തടഞ്ഞ മദ്രാസ് ഹൈക്കോടതി വിധി ഇന്ത്യൻ നീതി നിർവഹണ ചരിത്രത്തിൽ ഇദംപ്രഥമമാണ്. അതുപോലെതന്നെ പ്രതിയുടെ ദയാഹർജി വീണ്ടും പരിഗണിക്കണമെന്ന് രാഷ്ട്രപതിയോട് തമിഴ്നാട് നിയമസഭ ഏകകണ്ഠമായി ആവശ്യപ്പെട്ടിരിക്കുകയാണ്. രാജീവ് വധക്കേസിനോടനുബന്ധിച്ചുള്ള കോടതിയുടെയും നിയമസഭയുടെയും ഈ നടപടികൾ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ വരുന്നതേയില്ല. നിയമസഭയുടെ ഈ പ്രമേയം പരിഗണിക്കാൻ രാഷ്ട്രപതിക്ക് ഭരണഘടനാപരമായി ബാദ്ധ്യതയുമില്ല. സുപ്രീംകോടതി ശരിവച്ച വധശിക്ഷ സ്റ്റേ ചെയ്യാനോ ഒഴിവാക്കാനോ ഹൈക്കോടതിക്കും അവകാശമില്ല. പക്ഷേ പ്രശ്നം ആകെ കുഴഞ്ഞുമറിഞ്ഞിരിക്കുകയാണ്.

കാര്യം നിസാരമാണെന്നു തോന്നാമെങ്കിലും സംഭവം അതീവ ഗുരുതരമാണ്. നിയമത്തിന്റെ ഇഴയടുക്കുള്ള ശക്തമായ നൂലുകൾ ഇളക്കിമാറ്റി വികാര വിക്ഷോഭത്തിന്റെ പശ ചേർത്തു രാഷ്ട്രീയമായി ഊടും പാവും ചലിപ്പിക്കാനുള്ള ദേശീയ ചർച്ചാക്കസർത്തുകൾക്ക് ഇതു തീ പിടിപ്പിക്കുകയാണ്.

ഇരുപതു വർഷം മുമ്പാണ് രാജീവ്ഗാന്ധി തമിഴ്നാട്ടിലെ ശ്രീപെരുമ്പതൂരിൽ മനുഷ്യബോംബിന്റെ പൊട്ടിത്തെറിയിലൂടെ ഒരുപിടി ചാരമായി മാറിയത്. രാജ്യത്തെ നടുക്കിയ വ്യത്യസ്തമായ കൊലപാതകം. വിചാരണകൾക്കൊടുവിൽ മുരുകൻ, ശാന്തൻ, പേരറിവാളൻ എന്നിവരുടെ വധശിക്ഷ സെപ്തംബർ ഒമ്പതിനു വെല്ലൂർ ജയിലിൽ നടപ്പാക്കാനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കി വരികയായിരുന്നു. ഇവരുടെ ദയാഹർജി നേരത്തേ രാഷ്ട്രപതി തള്ളിയിരുന്നു.

പക്ഷേ, ദയാഹർജിയിൽ തീരുമാനമെടുക്കുന്നതിനു പതിനൊന്നു വർഷവും നാലു മാസവും എടുത്തുവെന്നുള്ളതു ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ഈകാലവിളംബം അസാധാരണവും വിശദീകരണമില്ലാത്തതുമാണെന്നുള്ള ആരോപണമായിരുന്നു പ്രതികൾക്ക് മദ്രാസ് ഹൈക്കോടതിയിൽ സമർപ്പിക്കാനുണ്ടായിരുന്നത്. അസാധാരണമായ ഈ കാലവിളംബം പ്രതികളെ മാനസികമായി പീഡിപ്പിക്കുന്നതിനു തുല്യമാണെന്നും ഇതു ഒരാളുടെ വ്യക്തിസ്വാതന്ത്ര്യത്തിനും ജീവനുമുള്ള സംരക്ഷണം നിഷേധിക്കുന്നതാണെന്നുമാണ് പ്രതികൾക്കുവേണ്ടി ഹാജരായ പ്രമുഖ അഭിഭാഷകൻ രാം ജത്മലാനി കോടതിയിൽ വാദിച്ചത്. ഈ വാദം തത്വത്തിലെങ്കിലും അംഗീകരിച്ചുകൊണ്ടാണല്ലോ വധശിക്ഷ എട്ടാഴ്ചത്തേക്ക് തടഞ്ഞിട്ടുള്ളതും.

ഇരുപതു വർഷത്തെ ജയിൽജീവിതം തന്നെ വധശിക്ഷയ്ക്കു തുല്യമാണ്. തൂക്കുകയർ മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതം. വധശിക്ഷയും ജീവപര്യന്തവും ഏതാണ്ട് ഒരേ ഗണത്തിൽപ്പെട്ടതാണ്. ഒരു ജീവപര്യന്തകാലം ഈ പ്രതികൾ ജയിലിലായിരുന്നു. അതിനാൽ, വെടിവച്ചുകൊന്ന ഒരാളെ പിന്നെ തൂക്കിക്കൊല്ലേണ്ട കാര്യമുണ്ടോ എന്നാരെങ്കിലും ചോദിച്ചാൽ കുറ്റം പറയാനാവില്ല.

അന്നവരുടെ വധശിക്ഷ നടപ്പാക്കിയിരുന്നെങ്കിൽ ജനങ്ങൾ കൈയടിച്ചു പ്രോത്സാഹിപ്പിക്കുമായിരുന്നു. നീതി നിർവഹിക്കപ്പെടുന്നുണ്ടെന്നുള്ള ചിന്താഗതി നാട്ടിൽ സംതൃപ്തി പടർത്തുമായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി മറിച്ചാണ്. ആറിയ കഞ്ഞി പഴങ്കഞ്ഞിയാണ്

പക്ഷേ, തമിഴ്നാട്ടിൽ ഈ വിഷയം രാഷ്ട്രീയമായും വികാരമായും മാറിക്കഴിഞ്ഞു. വികാര തീവ്രതയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന തമിഴ്നാട്ടിൽ മറിച്ചൊരഭിപ്രായം ഉരിയാടാൻ ഒരു പാർട്ടിയും തയ്യാറാവില്ല. ഒരു നേതാവിനും അതിനുള്ള ചങ്കുറപ്പില്ല. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മുഖ്യമന്ത്രി ജയലളിതയുടെ വിചിത്രമായ കളംമാറ്റം. രാഷ്ട്രപതി ദയാഹർജി തള്ളിയ സാഹചര്യത്തിൽ മറിച്ചൊന്നും ചെയ്യാനുള്ള അധികാരം തനിക്കില്ലെന്നു പറഞ്ഞ ജയലളിത തന്നെയാണ് പിറ്റേന്ന് ദയാഹർജി വീണ്ടും പരിഗണിക്കണമെന്നുള്ള പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചംഗീകരിപ്പിച്ചതും! ഇതാണ് രാഷ്ട്രീയം!

മാത്രവുമല്ല, രാജ്യത്തുടനീളമുള്ള മനുഷ്യാവകാശ പ്രവർത്തകരും പച്ചിലകണ്ട ആട്ടിൻകുട്ടികളെപ്പോലെ രാജീവ്ഗാന്ധി കേസിലേക്ക് തലയിട്ടു കഴിഞ്ഞു. മുംബയ് ആക്രമണത്തിലൂടെ ഇന്ത്യയെ തകർക്കാൻ ഇറങ്ങിയവർക്കൊപ്പമുണ്ടായിരുന്ന പാകിസ്ഥാൻകാരനായ കസബിനെയും പാർലമെന്റ് ആക്രമിച്ച അഫ്സൽ ഗുരുവിനെയും വധശിക്ഷയിൽനിന്നൊഴിവാക്കണമെന്നുള്ള മുറവിളികൾ ഉയർന്നുകഴിഞ്ഞിരിക്കുന്നു. കുറ്റവാളികൾക്കുവേണ്ടി മാത്രം മനുഷ്യത്വത്തിന്റെ നീരുറവ തെളിക്കാൻ വെമ്പുകയാണീ 'മനുഷ്യത്വരഹിതരായ' മനുഷ്യാവകാശ പ്രവർത്തകർ! രാജ്യത്ത് വധശിക്ഷ വേണമോ വേണ്ടയോ എന്നുള്ളതു വേറെ കാര്യം.

രാജീവ്ഗാന്ധി വധക്കേസിലുണ്ടായ ഈ കാലവിളംബം ആർക്കും ദഹിക്കുന്നതല്ല. മാസങ്ങളുടെ നീണ്ട ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് രാജീവ്ഗാന്ധിയെ ക്രൂരമായി വകവരുത്തിയത്. രാജ്യം ഞെട്ടിവിറച്ച സംഭവം. അതിനാൽ പ്രതികൾ സഹതാപം ഒട്ടും അർഹിക്കുന്നില്ല. അന്നവരുടെ വധശിക്ഷ നടപ്പാക്കിയിരുന്നെങ്കിൽ ജനങ്ങൾ കൈയടിച്ചു പ്രോത്സാഹിപ്പിക്കുമായിരുന്നു. നീതി നിർവഹിക്കപ്പെടുന്നുണ്ടെന്നുള്ള ചിന്താഗതി നാട്ടിൽ സംതൃപ്തി പടർത്തുമായിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി മറിച്ചാണ്. ആറിയ കഞ്ഞി പഴങ്കഞ്ഞിയാണ്. സഹതാപം ഇപ്പോൾ രാജീവിനോടല്ല. പശുവും ചത്തു മോരിലെ പുളിയും പോയ അവസ്ഥയാണ് രാജീവിന്റെ കാര്യത്തിൽ.

കുറ്റവാളികളെ അപ്പപ്പോൾ ശിക്ഷിച്ചാൽ ആർക്കും പരാതിയില്ല. മറിച്ചാശ്വാസമാണ്. സിനിമയിൽ കൊടും ക്രൂര കഥാപാത്രങ്ങളെ നായകൻ വെടിവച്ചു കൊല്ലുമ്പോൾ കൊട്ടകയിൽ കൈയടി ഉയരുന്നതും അതുകൊണ്ടാണ്. കുറ്റവാളികൾ രക്ഷപ്പെടാതെ ഉടനടി ശിക്ഷിക്കപ്പെടുന്നതിലുള്ള ആഹ്ലാദം. നിത്യജീവിതത്തിൽ കാണാനാവാത്തകാര്യം.

ആയിരം കുറ്റവാളികൾ രക്ഷപ്പെടുന്നതിനിടയിലാണ് ഒരാളെങ്കിലും ശിക്ഷിക്കപ്പെടുന്നത്. ഈ ശിക്ഷപോലും യഥാസമയത്തു നടപ്പാക്കാനാവാത്ത നിയമസംഹിതയിൽ ജനങ്ങൾ സംശയിക്കും. പൊതുജനത്തിന്റെ നീതിബോധം നഷ്ടപ്പെടും. ആർക്കും കുറ്റം ചെയ്യാനുള്ള ആവേശമുണ്ടാകും. അതപകടമാണ്.

രാജീവ് കേസിലെ പ്രതികൾ മാത്രമല്ല, മറ്റ് നിരവധി കുറ്റവാളികൾ വധശിക്ഷയും പ്രതീക്ഷിച്ചു ജയിലിൽ അഴിയെണ്ണി കഴിയുന്നുണ്ട്. അവരുടെ നേരെയും സഹതാപ തരംഗം തിരിയാം. അഫ്സൽ ഗുരുവിനുവേണ്ടി ജമ്മുകാശ്മീർ നിയമസഭയിൽ പ്രമേയം പാസാക്കിയാൽ ആർക്കെന്ത് പറയാനാവുമെന്നുള്ള മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുടെ ചോദ്യത്തിന്റെ പൊരുളും മറിച്ചല്ല! അതുകൊണ്ടുതന്നെയാണ് മദ്രാസ് ഹൈക്കോടതിയുടെ വിധിയും തമിഴ്നാട് നിയമസഭയുടെ പ്രമേയവും ഭരണഘടനാ വിരുദ്ധമാണെന്നു തറപ്പിച്ചു പറയാൻ പലരും മടിക്കുന്നത്. അതിനാൽതന്നെ, രാജീവ്ഗാന്ധിവധക്കേസിന്റെ ഗതി ഇനിയെന്താകുമെന്ന് പ്രവചിക്കാൻ, ഭരണഘടന എഴുതി തയ്യാറാക്കിയവർക്കുപോലും കഴിയില്ലെന്നുള്ളതാണ് സത്യം. ചുറ്റുപാടുകൾ അങ്ങനെയൊക്കെ ആക്കിക്കഴിഞ്ഞു.

മുപ്പതാഴ്ചയെടുത്താലും തീരാൻ പോകുന്നില്ല

സംസ്ഥാനത്തെങ്ങും തകർന്നുകിടക്കുന്ന റോഡുകൾ മൂന്നാഴ്ചകൊണ്ട് നന്നാക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം കണ്ട് ചിരിവരാത്തവരായി ഇവിടെ ആരെങ്കിലും കാണുമോ എന്നു സംശയമാണ്. മൂന്നാഴ്ചയല്ല മുപ്പതാഴ്ച എടുത്താലും തീരാത്തത്രയാണ് റോഡുകൾക്കുണ്ടായിട്ടുള്ള തകർച്ച. പോരാത്തതിന് വിട്ടുമാറാത്ത മഴ കൂടിയായപ്പോൾ മരാമത്തുവകുപ്പിന് കോടതി നിർദ്ദേശത്തിൽനിന്ന് തടിതപ്പാൻ എളുപ്പവുമായി. പൊട്ടിപ്പൊളിഞ്ഞ് കാൽനടയാത്രപോലും ദുഷ്കരമാക്കുന്ന സംസ്ഥാനത്തെ റോഡുകൾ ഇതിനുമുമ്പും ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടലുകൾ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. പലകുറി മരാമത്ത് അധികൃതർക്ക് കർക്കശ സ്വരത്തിൽ കോടതി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ, ഇടയ്ക്കും മുറയ്ക്കും ചില മിനുക്കുപണികൾ നടത്തി ജനങ്ങളുടെയും കോടതിയുടെയും കണ്ണിൽ പൊടിയിടാനല്ലാതെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സർക്കാരോ മരാമത്തുവകുപ്പോ യാതൊരു താത്പര്യവും കാണിക്കുന്നില്ലെന്നതാണ് പരമാർത്ഥം.

റോഡുകളുടെ ഇപ്പോഴത്തെ ദുരവസ്ഥ ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ലെന്ന് എല്ലാവർക്കും അറിയാം. വർഷങ്ങളായി യാതൊരു അറ്റകുറ്റപ്പണിയും നടത്താതെ അവഗണിച്ചതുമൂലം വന്നുചേർന്ന വിനയാണിത്. വർഷത്തിൽ ആറേഴു മാസം കാലവർഷക്കെടുതികൾ നേരിടേണ്ടിവരുന്ന സംസ്ഥാനത്ത് റോഡുകൾ ഒന്നുകിൽ നല്ല നിലവാരത്തിൽ നിർമ്മിക്കണം. അതല്ലെങ്കിൽ തകരാറുണ്ടായാൽ തത്ക്ഷണം അത് തീർക്കാൻ സ്ഥിരം സംവിധാനം വേണം. മുൻകാലത്ത് മരാമത്തുവകുപ്പിൽ അതിന് സംവിധാനമുണ്ടായിരുന്നു. സി. എൽ.ആർ, എൻ.എം.ആർ വിഭാഗക്കാർക്കായിരുന്നു റോഡിൽ ഒരു കുഴി രൂപപ്പെട്ടാൽ അത് അടയ്ക്കാനുള്ള ചുമതല. വളരെ ഭംഗിയായി റോഡുകൾ മുന്നൂറ്റിഅറുപത്തഞ്ചു ദിവസവും ഗതാഗതയോഗ്യമായി പരിപാലിക്കാൻ ഈ സംവിധാനത്തിലൂടെ സാധിച്ചിരുന്നു. ഇന്ന് റോഡിൽ ചെറിയൊരു കുഴി രൂപപ്പെട്ടാൽ നിരന്തരം വാഹനങ്ങൾ കയറിയിറങ്ങി അത് പാതാളക്കുഴിയായി മാറാൻ ദിവസങ്ങൾമതി. മരാമത്തുവകുപ്പിൽ നിന്ന് ആരെങ്കിലും വന്ന് കുഴി മൂടുമെന്ന തെറ്റിദ്ധാരണ ആർക്കും വേണ്ട. ബസുകളുടെയും ലോറികളുടെയും ചക്രങ്ങൾ തന്നെ വീണാൽ പുറത്തുകാണാത്തത്ര ആഴത്തിൽ കുഴി രൂപപ്പെട്ടാലും അത് മാസങ്ങളോളം അങ്ങനെ തന്നെ കിടക്കും. മഴക്കാലമാണെങ്കിൽ സംസ്ഥാനത്തുടനീളമുള്ള റോഡുകളിൽ ഇത്തരം വലിയ വലിയ കുളങ്ങൾ കാണാം. മുൻപേ പോകുന്ന വലിയ വാഹനങ്ങളുടെ മറപറ്റി ചെറിയ വാഹനങ്ങൾ പോകുമെന്നതിനാൽ സാധാരണ ഗതിയിൽ വലിയ അത്യാഹിതങ്ങളുണ്ടാകാറില്ല. എന്നിരുന്നാലും എത്ര ശ്രദ്ധിച്ചാലും ചിലപ്പോൾ ഇത്തരം വാരിക്കുഴികൾ പലരുടെയും ജീവൻ അപഹരിക്കാറുണ്ട്.

വാഹന നികുതിയായും പെട്രോൾ സെസായും പിരിക്കുന്ന കോടിക്കണക്കിന് രൂപ റോഡുകൾ നല്ല നിലയിൽ പരിപാലിക്കുന്നതിന് ഉപയോഗപ്പെടുത്താതെ വേറെ കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. റോഡുകൾ എങ്ങനെ കിടന്നാലും തങ്ങൾക്ക് ഒന്നുമില്ലെന്ന് സർക്കാർ കരുതുന്നകാലത്തോളം ഈ സ്ഥിതി മാറാനും പോകുന്നില്ല

റോഡുകളിലെ കുഴികൾ ഓണത്തിനുമുമ്പ് പൂർണമായും അടച്ച് റോഡായ റോഡുകളൊക്കെ കമനീയമാക്കുമെന്ന് മുൻകാല മരാമത്തുമന്ത്രിമാരെപ്പോലെ പുതിയ മരാമത്തുമന്ത്രിയും സ്ഥാനാരോഹണം കഴിഞ്ഞ ഉടനെ വീരവാദം മുഴക്കിയിരുന്നു. അങ്ങുമിങ്ങുമായി കുറെയൊക്കെ കുഴികളടഞ്ഞുവെന്നതു സത്യമാണെങ്കിലും അടച്ചവയെക്കാൾ നൂറുമടങ്ങ് ഇപ്പോഴും അതേപടി കിടക്കുകയാണ്. ദേശീയ പാതയിലും സംസ്ഥാന പാതയിലും നഗരപാതയിലുമൊക്കെ ഇതുകാണാം. കാൽനടപോലും അസാദ്ധ്യമാക്കുന്ന അനവധി റോഡുകൾ എല്ലാ ജില്ലകളിലും ഉണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന റോഡുകളുടെ കാര്യം പറയാതിരിക്കുകയാവും ഭേദം. റോഡുനന്നാക്കാൻ പോയിട്ട് വിഷം മേടിക്കാൻപോലും ഒരു ചില്ലിക്കാശ് തങ്ങളുടെ പക്കലില്ലെന്ന പരിദേവനവുമായാണ് പല തദ്ദേശ സ്ഥാപനങ്ങളും നിൽക്കുന്നത്. കിട്ടുന്നതെല്ലാം ഇവർ എവിടെക്കൊണ്ടുപോകുന്നു എന്ന് ആർക്കും അറിഞ്ഞുകൂടാ. എത്ര കോടതി ഉത്തരവുകൾ വന്നാലും ഈ റോഡുകളൊക്കെ അടുത്ത കാലത്തൊന്നും നേരെയാകുമെന്ന്. ആരും പ്രതീക്ഷിക്കുന്നുമില്ല. വാഹന നികുതിയായും പെട്രോൾ സെസായും പിരിക്കുന്ന കോടിക്കണക്കിന് രൂപ റോഡുകൾ നല്ല നിലയിൽ പരിപാലിക്കുന്നതിന് ഉപയോഗപ്പെടുത്താതെ വേറെ കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. റോഡുകൾ എങ്ങനെ കിടന്നാലും തങ്ങൾക്ക് ഒന്നുമില്ലെന്ന് സർക്കാർ കരുതുന്നകാലത്തോളം ഈ സ്ഥിതി മാറാനും പോകുന്നില്ല. സഞ്ചാരയോഗ്യമായ റോഡുകൾ സ്വപ്നമായി തന്നെ ശേഷിക്കാനാണ് സാദ്ധ്യത. സർക്കാരിന് ഇച്ഛാശക്തിയുണ്ടായിരുന്നെങ്കിൽ എന്നേ നമ്മുടെ റോഡുകൾ നന്നാകുമായിരുന്നു.

ആത്മോപദേശ ശതകം

ശ്രീനാരായണ ഗുരുദേവൻ

മറ്റുള്ളവരുടെ പ്രിയത്തെ തന്റെ പ്രിയമായി കാണുക

ഗുരു മുനിനാരായണപ്രസാദ്

ശ്ലോകം: 22

പ്രിയമപരന്റെയതെൻപ്രിയം, സ്വകീയ-
പ്രിയമപരപ്രിയമിപ്രകാരമാകും
നയമതിനാലെ നരന്നു നന്മ നൽകും
ക്രിയയപരപ്രിയഹേതുവായ് വരേണം.

(മറ്റൊരുവന്റെ പ്രിയം ഏതൊന്നോ അത് എന്റെ പ്രിയമാണ്. എന്റെ പ്രിയം തന്നെയാണ് മറ്റൊരുവന്റെ പ്രിയം. ഇപ്രകാരമുള്ള നയം അനുസരിക്കുക വഴി ഒരു മനുഷ്യന് നന്മ വരുത്തുന്ന പ്രവൃത്തി മറ്റുള്ളവർക്ക് പ്രിയത്തെ ഉണ്ടാക്കുന്നതാക്കിത്തീർക്കണം).

ഒരേ ആത്മപ്രിയം അഥവാ ആനന്ദം തന്നെയാണ് പലതരത്തിലുള്ള പ്രിയാനുഭവങ്ങളായും, പലരുടെ പ്രിയാനുഭവങ്ങളായും ഭാവം പകരുന്നതെന്നു നാം കണ്ടല്ലോ. അതായത്, അടിസ്ഥാനപരമായി നോക്കിയാൽ എന്റെ പ്രിയം തന്നെയാണ് മറ്റൊരുവന്റെയും പ്രിയം.

വേദാന്തവും അതിൽ സിദ്ധാന്തിക്കുന്ന അദ്വൈതവും തത്വവിചാരം ചെയ്യാൻ മാത്രമുള്ളതല്ല. ജീവിതസത്യം വെളിപ്പെടുത്തിത്തരുന്ന ശാസ്ത്രമാണത്. ജീവിക്കുമ്പോഴേ ജീവിതം ജീവിതമാകുന്നുള്ളൂ. ജീവിക്കാത്ത ജീവിതത്തിന്റെ സത്യമറിഞ്ഞിട്ടും കാര്യമില്ല. ജീവിക്കുന്ന ജീവിതത്തിന്റെ സത്യവും ജീവിക്കുന്നതായിരിക്കണം. സത്യം ജീവിക്കുന്നതായിത്തീരുമ്പോൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളും ആ സത്യത്തിന്റെ സ്പന്ദനമായി അനുഭവപ്പെടും.

സദാചാരത്തെയും ദുരാചാരത്തെയും വകതിരിച്ചു മനസ്സിലാക്കുന്നതിന് ഉപകരിക്കുന്ന ഒരു അടിസ്ഥാനം വേണം. അത്തരമൊരു മാനദണ്ഡം കണ്ടെത്താതെയാണ് ഇതുവരെ ഈ വഴിക്കുള്ള ചിന്ത പുരോഗമിച്ചിട്ടുള്ളത്. അതുകൊണ്ട്, നിരുപാധികമായിട്ടല്ല, സോപാധികമായിട്ടാണ് നന്മതിന്മകളെ വകതിരിച്ചുപോരാറുള്ളത്.

ധർമ്മശാസ്ത്രത്തിനു നിരുപാധികമായ ഒരടിസ്ഥാനമുണ്ടാക്കിത്തരുകയും, അതിന്റെ വെളിച്ചത്തിൽ ജീവിതത്തെ നയിക്കേണ്ടതെങ്ങനെയെന്ന് വെളിവാക്കിത്തരുകയുമാണ്, ആത്മാന്വേഷണത്തിന്റെ ഭാഗമായി ഗുരു ചെയ്യുന്നത്. ഇത് ചിന്തയുടെ ചരിത്രത്തിൽ മനുഷ്യരാശിക്ക് നാരായണഗുരു നൽകുന്ന മഹത്തായ ഒരു സംഭാവനയാണ്.

അദ്വൈതരഹസ്യം അനുഭവഗോചരമായിത്തീരുന്ന ഒരുവന് ആ തത്വാവബോധം ജീവിക്കുന്ന സത്യമായിത്തീരുന്ന ഒരു രംഗമാണ്, മറ്റുള്ളവരുടെ പ്രിയത്തെ തന്റെ പ്രിയമായും തന്റെ പ്രിയത്തെ മറ്റുള്ളവരുടെ പ്രിയമായും കാണുന്നത്. അത് അവന്റെ ജീവിതത്തെ നയിക്കുന്ന നയമായിത്തീരുന്നു.

എല്ലാവരും നന്മയെ ഉദ്ദേശിച്ചാണല്ലോ പ്രവർത്തനനിരതരായിത്തീരുന്നത്. താൻ ഉദ്ദേശിക്കുന്ന നന്മ തനിക്കുമാത്രം നന്മ വരുത്തുന്നതാണോ, അതോ തനിക്കും മറ്റുള്ളവർക്കും ഒരേസമയം നന്മ വരുത്തുന്നതാണോ എന്ന് ആലോചിക്കുക. രണ്ടാമത് പറഞ്ഞ തരത്തിലുള്ളതാണ് എന്നു ഉറപ്പുണ്ടെങ്കിൽ ജീവിതം മുന്നേറുന്നത് ശരിയായ പാതയിൽ കൂടിയാണെന്ന് തീർച്ച. തനിക്ക് മാത്രമാണ് നന്മ വരുത്തുന്നതെങ്കിൽ, അതിനെ തനിക്കെന്നപോലെ എല്ലാവർക്കും നന്മ വരുത്തുന്നതാക്കിത്തീർക്കാവുന്നത് എങ്ങനെയെന്ന് ആലോചിക്കുക. അതിനുള്ള വഴി മനസ്സിൽ തെളിഞ്ഞുവരുന്നുണ്ടെങ്കിൽ ഉറപ്പാക്കാം, ആത്മജ്ഞാനത്തിന്റെ വഴിക്കു ജീവിതയാത്ര തിരിയുന്നുണ്ട് എന്ന്.

മൊഴിയരങ്ങ്

ഒരു സിനിമ ജീവിതത്തിൽനിന്ന് എത്രയും അകന്നിരിക്കുന്നുവോ അത്ര കണ്ട് ജനപ്രീതി അതിന് കൂടുതൽ ലഭിക്കുമെന്നാണ് നമ്മുടെ പോപ്പുലർ സിനിമയുടെ കർത്താക്കൾ ദൃഢമായി വിശ്വസിക്കുന്ന ഒരു തത്വം. സാമ്പത്തിക വിജയം നേടുന്ന സിനിമകൾ പരിശോധിച്ചാൽ ഉത്തരം വിശ്വാസങ്ങൾ അടിസ്ഥാനരഹിതമല്ല എന്ന് ആർക്കും ബോദ്ധ്യമാവും.

അടൂർ ഗോപാലകൃഷ്ണൻ

ടെലിവിഷൻ ഒരു ജൂക്ക്ബോക്സ് മാത്രമാണ്. ചലച്ചിത്ര സൗന്ദര്യശാസ്ത്രം വേറൊന്നാണ്. വ്യത്യസ്തവും. നമ്മൾ തിയേറ്ററിനകത്തല്ല, സിനിമയ്ക്കുള്ളിൽ പോലുമല്ല. ഒരു പ്രേക്ഷകനെന്നനിലയിൽ ചലനാത്മകമായ അസ്തിത്വമാണ് നിങ്ങൾക്കുള്ളത്. ടെലിവിഷൻ നിങ്ങൾക്ക് സ്വിച്ച് ഓഫ് ചെയ്യാം. സിനിമ സ്വിച്ച് ഓഫ് ചെയ്യാനാവില്ല. അതുകൊണ്ട് സിനിമ മരിക്കും എന്ന പേടി എനിക്കില്ല.

വെർണർ ഹെർസോഗ്

ആലപ്പുഴയിലെ ഓൾഡ് ഏജ് ഹോമിൽ പോയപ്പോൾ 85 വയസുള്ള അമ്മമാർ എന്നെ കണ്ട് എണീറ്റ് നമ്മുടെ ശാരദയല്ലേ എന്നുപറഞ്ഞ് നൃത്തംവച്ചു. അതുപോലൊരു സന്തോഷം ഇതിനുമുമ്പ് ജീവിതത്തിൽ ഉണ്ടായിട്ടില്ല.

ശാരദ

സൗമ്യയ്ക്കുനേരെ അക്രമം നടക്കുമ്പോൾ ചെയിൻ വലിക്കാനൊരുങ്ങിയ യാത്രികനോട് സഹയാത്രികർ ചോദിച്ചത് നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ എന്നാണ്. നിലവിളി കേൾക്കുമ്പോൾ ചെയിൻവലിക്കാൻപോലും മന:സ്ഥിതിയില്ലാത്ത ആളുകൾ നമ്മുടെ നാട്ടിലുണ്ട്. വയസായ ഒരാൾ വണ്ടിയിൽ കയറുമ്പോൾ ചുവപ്പുകൊടി കാണിച്ച് അല്പനേരം വണ്ടി നിറുത്തിയതിന് ചാർജ്ഷീറ്റ് കിട്ടിയ ഒരാളാണ് ഞാൻ. മകൾ അത്യാഹിതമായി ആശുപത്രിയിൽ കിടക്കുകയാണെന്ന് പറഞ്ഞുവന്ന ആ വൃദ്ധനെ വണ്ടിയിൽ കയറ്റേണ്ടത് മനുഷ്യൻ എന്ന നിലയിൽ എന്റെ ബാദ്ധ്യതയായിരുന്നു.

വൈശാഖൻ

അനിയനെ വെട്ടിക്കൊന്ന ഒരുത്തനെക്കുറിച്ച് പറഞ്ഞപ്പോൾ ''അവന്റെ രാഷ്ട്രീയഭാവി പോയി'' എന്ന് ഒരുത്തൻ പറയുന്നത് ചെറുപ്പത്തിൽ ഞാൻ കേട്ടിട്ടുണ്ട്. അന്നാണ് രാഷ്ട്രീയത്തോടുള്ള എന്റെ വെറുപ്പ് ആരംഭിച്ചത്.

മധു

സെലിബ്രിറ്റിയാകുമ്പോൾ പണം, പ്രശസ്തി, ആളുകളുടെ സ്നേഹം അങ്ങനെ ഒരുപാട് കാര്യങ്ങൾ ഗിഫ്റ്റ് ആയിട്ട് കിട്ടും. പകരം നമ്മൾ സാക്രിഫൈസ് ചെയ്യേണ്ട കുറച്ച് കാര്യങ്ങളുണ്ട്. അതിൽ ഒന്നാണ് പ്രൈവസി. ഒന്ന് വീണുപോയാൽ അത് വലിയ കാര്യമാണ്. ആശുപത്രിയിൽ പോയാൽ അത് ഒരു വാർത്തയാണ്. അപ്പോഴാണോ വിവാഹമോചനം.

കാവ്യാമാധവൻ

നമ്മൾ ഒരു കഥാപാത്രത്തെക്കുറിച്ച് എഴുതുമ്പോൾ അവൻ ഏതുവസ്ത്രം ധരിക്കുന്നു? എന്ത് ഭക്ഷണം കഴിക്കുന്നു എന്നെല്ലാം റിസർച്ച് ചെയ്യാതെ പറ്റില്ലല്ലോ. മുണ്ടക്കോട്ട് കുറിശ്ശിയെക്കുറിച്ച് പറയുമ്പോൾ എനിക്ക് ഒരു റിസർച്ചിന്റെയും ആവശ്യമില്ല. ദാറ്റ് ഈസ് മൈ ലൈഫ്.

അനിതാനായർ

ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ പോകുന്നത് ഭക്തിമൂത്താണെന്ന് കളിയാക്കാറുണ്ട്. വാസ്തവത്തിൽ സ്നേഹം മൂത്താണ്. വീണുപോയ കൊലുസുമണികളോട്, മന്ത്രധ്വനികളോട്, പഴമയുടെ കീഴ്വഴക്കങ്ങളോട്, എന്റേതുമാത്രമായ ബാല്യത്തോട് ഒക്കെയുള്ള സ്നേഹം.

രാജശ്രീ വാര്യർ

എന്റെ ശരീരത്തെക്കുറിച്ച് ബോധ്യമുള്ളപ്പോഴും എന്റെ സൗന്ദര്യം അത്ര മഹത്തരമൊന്നുമല്ലെന്ന് എനിക്കറിയാമായിരുന്നു. എന്തിന്, ഒരു ഫോട്ടോഷൂട്ട് ചെയ്ത് ഒരു പോർട്ട് ഫോളിയോപോലും ഞാൻ എനിക്കായി അന്ന് തയ്യാറാക്കിയിട്ടുമില്ല.

ഷക്കീല

മന്ത്രിയുടെ മകൻ എന്ന് അറിയപ്പെടുന്നതിനെ ഞാൻ ഭയപ്പെട്ടു. പാപ്പിനിശ്ശേരിയിലോ പയ്യന്നൂരിലോ ആ പ്രശ്നമില്ല. അവിടെ എം.വി.ആറിന്റെ മകനാണ്. തിരുവനന്തപുരത്ത് മന്ത്രിയുടെ മകൻ എന്ന് പറയുന്നത് വേറെ ഇമേജാണ്.

നികേഷ് കുമാർ.

പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കാൻ സംവിധാനം വേണം

ബാബു ജോസ് കറുകത്ര, തിരുവനന്തപുരം.

കന്യാകുമാരി–മംഗലാപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കൽ പൂർത്തിയാക്കുക. ഇതിൽ ചെങ്ങന്നൂർ മുതൽ കുറുപ്പുംതറ വരെയും ഹരിപ്പാട് മുതൽ എറണാകുളം ജംഗ്ഷൻവരെയുമുള്ള പണികൾ ആണ് ഇനി തീരാനുള്ളത്. അതിനാവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി സർക്കാർ ഏറ്റെടുത്ത് 2012 മാർച്ച് 31ന് മുമ്പ് റെയിൽവേയെ ഏല്പിക്കുക.

ഈ ലൈൻ വൈദ്യുതീകരിക്കുന്ന ജോലിയും സമയബന്ധിതമായി തീർക്കുക. കന്യാകുമാരി മുതൽ തിരുവനന്തപുരം വരെയും ഷൊർണൂർ മുതൽ മംഗലാപുരം വരെയും വൈദ്യുതീകരണം നടത്തിയാൽ ഈ ജോലി പൂർണമാകും. എൽ ആൻഡ് ടി കമ്പനിക്ക് ഇത് ഒരു വർഷംകൊണ്ട് തീർക്കാനുള്ള ജോലിയേയുള്ളൂ.

തിരുവനന്തപുരം – കോയമ്പത്തൂർ ലൈനിൽ ഓട്ടോമാറ്റിക് ബ്ളോക്ക് സിഗ്നലിംഗ് സിസ്റ്റം നടപ്പാക്കുക. ട്രെയിനുകളുടെ എണ്ണവും വേഗതയും വർദ്ധിപ്പിക്കാനാവും. ഇപ്പോൾ കോയമ്പത്തൂരിൽ നിന്നും ആറ് മണിക്കൂർകൊണ്ട് ചെന്നൈയിലെത്താൻ കഴിയും. എന്നാൽ, തിരുവനന്തപുരത്ത് നിന്ന് പാലക്കാട്ട് എത്താൻ അമൃത എക്സ്പ്രസ് ട്രെയിൻ എട്ടര മണിക്കൂറുകൾ ആണ് എടുക്കുന്നത്.

പുതിയതായി കേരളത്തിൽ നിർമ്മിക്കേണ്ട പാതകൾ തലശേരി – മൈസൂർ, തൃശൂർ–കൊല്ലംകോട്, നിലമ്പൂർ–നഞ്ചൻകോട്, കുറ്റിപ്പുറം–താനൂർ, അങ്കമാലി–എരുമേലി, ശബരിമല–നെടുമങ്ങാട്–തിരുവനന്തപുരം എന്നിവയാണ്. ഇതോടൊപ്പം കൊല്ലം–ചെങ്കോട്ട, പാലക്കാട്–പൊള്ളാച്ചി എന്നീ പാതകളെ അടിയന്തരമായി ബ്രോഡ്ഗേജ് ലൈനുകളായി മാറ്റേണ്ടതാണ്. ഈ പദ്ധതികൾക്ക് ആവശ്യമായിവരുന്ന ചെലവിന്റെ മുഴുവൻ പങ്കും സംസ്ഥാന സർക്കാർ മുൻകൂറായി റെയിൽവേയെ ഏല്പിക്കണം. അതിനായി സംസ്ഥാന സർക്കാർ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഉണ്ടാക്കി ധനസമാഹരണം നടത്തണം.

രണ്ടായിരത്തി ഇരുപതിൽ 25,000 കി.മീ. ലൈനുകൾകൂടി നിർമ്മിക്കുമെന്നാണ് റെയിൽവേയുടെ പദ്ധതി. അതിനായി സംസ്ഥാന ഗവൺമെന്റുകൾ ബഡ്ജറ്റിൽ രൂപ വകയിരുത്തണമെന്നാണ് റെയിൽവേയുടെ നിർദ്ദേശം. കർണാടക സർക്കാർ 600 കോടി രൂപ വകയിരുത്തി. കർണാടക, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, ജാർഖണ്ഡ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾ റെയിൽവേയുടെ ചെലവിന്റെ 50 ശതമാനം വഹിക്കാമെന്നുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. കേരളവും ഇപ്രകാരം ധാരണാപത്രം ഒപ്പുവയ്ക്കണം.

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽമൂലം വരുന്ന അധികചരക്കു ഗതാഗതത്തിനുമാത്രമായി എറണാകുളം മുതൽ കോയമ്പത്തൂർവരെ മൂന്നാമത്തെ ലൈനിന്റെ പണി തുടങ്ങുക.

എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേക്ക് വൈകുന്നേരം 5.40 കഴിഞ്ഞാൽ രാത്രി 11.50 നു മാത്രമേ ഇപ്പോൾ ട്രെയിനുള്ളൂ. വൈകിട്ട് 7 മണിക്ക് ഒരു സർവീസ് തുടങ്ങാൻ നടപടി എടുക്കേണ്ടതാണ്.

മുൻ റെയിൽവേ മന്ത്രി മമത കേരളത്തിന് അനുവദിച്ച മെഡിക്കൽ കോളേജ് ഇതുവരെയും സ്ഥലമില്ല എന്ന കാരണത്താൽ പണി ആരംഭിച്ചിട്ടില്ല.

സീറ്റുകളിൽ കുഷ്യനും വശങ്ങളിൽ വിനൈൽ ഷീറ്റുകളും വന്നതൊഴിച്ചാൽ ഇന്നും നമ്മുടെ റെയിൽവേ ബോഗികൾ 50 വർഷം മുൻപുള്ളവതന്നെ. അത്യാധുനിക സംവിധാനങ്ങളുള്ള റെയിൽവേ ബോഗികൾ ഇറക്കുമതി ചെയ്ത് ട്രെയിനുകളിൽ ഘടിപ്പിക്കണം. ഇതിനാവശ്യമായ പണം സംസ്ഥാന സർക്കാർ റെയിൽവേയ്ക്ക് നൽകണം.

നേമത്ത് കോച്ച് റിപ്പയറിംഗ് കോംപ്ളക്സ് അടിയന്തരമായി പ്രവർത്തനം ആരംഭിക്കണം. റിപ്പയറിംഗിനായി ഇപ്പോൾ ചെന്നൈയ്ക്ക് അയയ്ക്കുന്ന ബോഗികൾ പലതും പിന്നീട് തിരിച്ച് വരാറേയില്ല. അതുകൊണ്ടാണ് കേരളത്തിൽ ഓടുന്ന ട്രെയിനുകളിൽ എപ്പോഴും പഴയ ബോഗികൾ മാത്രം കാണുന്നത്.

കേരളത്തിന്റെ റെയിൽവേ വികസനം

വഞ്ചിനാട് പേട്ടയിൽ നിറുത്തണം

സൂപ്പർ ഫാസ്റ്റ് ട്രെയിനുകൾക്കുവരെ സ്റ്റോപ്പുള്ള പേട്ടയിൽ വഞ്ചിനാട് എക്സ്പ്രസിന് സ്റ്റോപ്പ് അനുവദിക്കേണ്ടതാണ്. എറണാകുളം മുതലുള്ള നിരവധി ഉദ്യോഗസ്ഥർ രാവിലെ വഞ്ചിനാടിനെയാണ് ആശ്രയിക്കുന്നത്. പേട്ടയിൽ സ്റ്റോപ്പ് അനുവദിച്ചാൽ ഇവർക്ക് രാവിലെ 10 നകം ഓഫീസിലെത്താൻ കഴിയും. പേട്ടയിൽ രാവിലെ സ്റ്റോപ്പുള്ള മുംബയ് ജയന്തി ജനതയും ചെന്നൈ മെയിലും പലപ്പോഴും വൈകിയാണെത്തുന്നത്. തമ്പാനൂരിൽ വഞ്ചിനാട് എത്തിക്കഴിഞ്ഞാൽ തിരക്കുകാരണം ഓട്ടോറിക്ഷ കിട്ടാനും ബുദ്ധിമുട്ടാണ്. പേട്ടയിൽ സ്റ്റോപ്പ് വഞ്ചിനാടിനുമാത്രം അനുവദിക്കില്ലെന്ന കടുംപിടുത്തം റെയിൽവേ ഉപേക്ഷിക്കണം.

വി. വിജയകുമാരി,
എളമക്കര, കൊച്ചി.

സ്വപ്നം കണ്ടാലോ, ഒരു സൂപ്പർ മെട്രോ ഹൈവേ?

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഒരു സൂപ്പർ മെട്രോ ഹൈവേയെക്കുറിച്ച് ചിന്തിച്ചുകൂടേ? ഇതിന് ആവശ്യം 25 മീറ്റർ വീതിയിൽ ഭൂമിയാണ്. കാസർകോട്ടുനിന്ന് തിരുവനന്തപുരംവരെയുള്ള 540 കിലോമീറ്റർ കടന്നുപോകുന്ന ഈ പാത ആറുമീറ്ററും ഒൻപതുമീറ്ററും ഉയരമുള്ള രണ്ടുനില പാലം തന്നെയായിരിക്കണം.

ബസ്, ട്രക്ക് തുടങ്ങിയ വലിയ വാഹനങ്ങൾ താഴെയുള്ള നാലുവരിപ്പാതയിലൂടെ നീങ്ങുന്നു. ഇതിന് 6 മീറ്റർ മീതെ ആദ്യ പാലം. ഇത് കാർ, ഓട്ടോ, ബൈക്ക് തുടങ്ങിയവയ്ക്കാകണം. ഒൻപതുമീറ്റർ ഉയരത്തിൽ രണ്ടുവരി റെയിൽപ്പാത. ഇതാണ് സ്വപ്നസദൃശമായ സൂപ്പർ മെട്രോ പാത.

കേരളത്തെ മുഴുവൻ ഒരു നഗരമായിക്കണ്ട് നിർമ്മിക്കുന്ന ഈ പാതയ്ക്കായി വളരെക്കുറച്ച് ഒഴിപ്പിക്കൽ മതിയാവും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ വിമാനത്താവളങ്ങളെ ബന്ധിപ്പിക്കുന്നതിനാൽ വിദേശ മലയാളികൾക്കും വിനോദ സഞ്ചാരികൾക്കും സൗകര്യപ്രദമാകും.

വല്ലാർപാടം, സ്മാർട്ട്സിറ്റി തുടങ്ങിയ പദ്ധതികളുടെ പ്രയോജനം കേരളത്തിലുടനീളം ലഭിക്കുമെന്നതും ഈ പദ്ധതിയുടെ പ്രയോജനമാണ്. നാണ്യവിളകളുടെ ചരക്കുനീക്കം എളുപ്പത്തിലാവുകയും സാധനവിലയുടെ കുതിച്ചുചാട്ടം നിലയ്ക്കുകയും ചെയ്യും.

വിജയൻ, വിളയിൽവീട്, വർക്കല.

പേട്ട റെയിൽവേ സ്റ്റേഷൻ വികസനം

തിരുവനന്തപുരം ജില്ലയിൽ ഏറ്റവും പഴക്കം ചെന്ന റെയിൽവേ സ്റ്റേഷനാണ് പേട്ട. എന്നാൽ, കാലത്തിനനുസരിച്ചുള്ള ഒരു മാറ്റവും പേട്ട സ്റ്റേഷനിൽ ഇതുവരെ ഉണ്ടായിട്ടില്ല. റെയിൽവേ ആശുപത്രി സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്.

പേട്ട റെയിൽവേ സ്റ്റേഷനിൽ പുതിയ കെട്ടിട സമുച്ചയം പണിയുക, വടക്കു നിന്നു വരുന്ന എല്ലാ വണ്ടികളും പേട്ട സ്റ്റേഷനിൽ നിറുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, വിവിധ ആശുപത്രികളിലും ഓഫീസുകളിലും പോകേണ്ടവർക്ക് ഇത് സഹായകമാകും. പൂർണ തോതിലുള്ള ടിക്കറ്റ് റിസർവേഷൻ കൗണ്ടർ ആക്കണം.

ഡി. അനിൽകുമാർ
മുൻകൗൺസിലർ, പേട്ട